LIBRARY ARCHIVES Kerala Legislative Assembly

## വാണിജ്യ നികുതി വകുപ്പിലെ അഴിമതി

*25 [295] ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:
„ വി. ശശികുമാർ:
„ പി. പി. അബ്ദുള്ളക്കുട്ടി:
„ കെ. കുഞ്ഞിരാമൻ:
„ പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി വകുപ്പിലെ അഴിമതിയും ക്രമക്കേടും തടയുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) വാണിജ്യ നികുതി വകുപ്പിൽ അഴിമതിയുടെയും ക്രമക്കേടിന്റെയും പേരിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) സംസ്ഥാനത്തിന്റെ അതിർത്തി ജില്ലകളിൽ പ്രവർത്തിക്കുന്ന താത്ക്കാലിക ചെക്ക് പോസ്റ്റുകളുടെ കെട്ടിട വാടക, വൈദ്യുതി ചെലവ് എന്നിവ അവിടെ ജോലി ചെയ്യുന്ന ജീവനക്കാർ തന്നെയാണ് വഹിക്കുന്നത് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് അഴിമതിക്ക് ഇടയാക്കുമെന്നതിനാൽ താത്ക്കാലിക ചെക്ക് പോസ്റ്റുകളുടെ കെട്ടിട വാടക, വൈദ്യുതി ചെലവ് എന്നിവ സർക്കാർ തന്നെ വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്):

(എ) വാണിജ്യ നികുതി വകുപ്പിലെ അഴിമതിയും ക്രമക്കേടും തടയുന്നതിനായി വകുപ്പിലെ ഇന്റലിജൻസ് വിഭാഗവും പോലീസ് വിജിലൻസ് വിഭാഗവും ചെക്ക് പോസ്റ്റുകളിലും ആഫീസുകളിലും മിന്നൽ പരിശോധന നടത്തുകയും ക്രമക്കേട് കണ്ടെത്തിയാൽ നികുതി, പിഴ എന്നിവ ഈടാക്കുകയും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം 207 പരിശോധനകളും പോലീസ് വിജിലൻസ് വിഭാഗം 8 പരിശോധനകളും കഴിഞ്ഞ വർഷം നടത്തിയിട്ടുണ്ട്. ഇത്തരം മിന്നൽ പരിശോധനകൾ ഇടക്കിടെ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അഴിമതിയുടെയും ക്രമക്കേടിന്റെയും പേരിൽ 2006-2007 സാമ്പത്തിക വർഷത്തിൽ 20 ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

## കേര കൃഷി ലാഭകരമാക്കാൻ നടപടി

*26 [296] ശ്രീ. പി. വിശ്വൻ:
„ എ. സി. മൊയ്തീൻ:
„ കെ. വി. അബ്ദുൾ ഖാദർ:
„ എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ: